**പതിമൂന്നാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2111 — 26.03.2013 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന വകുപ്പിലെ ഒഴിവുകൾ

**ചോദ്യം**

ശ്രീ. എ. കെ. ശശീന്ദ്രൻ:

ശ്രീ. തോമസ് ചാണ്ടി:

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹനവകുപ്പിൽ ജോലി ഭാരത്തിനനുസരിച്ച് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എത്ര തസ്തികകളിലാണ് നിലവിൽ ഒഴിവുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല.<br>മോട്ടോർ വാഹന വകുപ്പിൽ 218 വിവിധ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു . |
| (ബി) | അവസാനമായി മിനിസ്റ്റീരിയൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചതെപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | മിനിസ്റ്റീരിയൽ വിഭാഗത്തിനു മാത്രമായി തസ്തികകൾ അനുവദിക്കാറില്ല. വകുപ്പിലെ ജോലി ഭാരം കണക്കിലെടുത്തുകൊണ്ടും ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി അധിക തസ്തികകൾ അനുവദിക്കുമ്പോഴും പുതുതായി ഓഫീസുകൾ അനുവദിക്കുമ്പോഴും മിനിസ്റ്റീരിയൽ വിഭാഗത്തിലും എക്സിക്യൂട്ടീവ് വിഭാഗത്തിലും തസ്തികകൾ അനുവദിക്കാറുണ്ട്. 9.10.2012 ലെ സർക്കാർ ഉത്തരവു പ്രകാരം 8 സബ് ആർ.ടി.ഓഫീസുകൾ രൂപീകരിച്ചപ്പോൾ ഓഫീസുകൾക്കാവശ്യമായ മിനിസ്റ്റീരിയൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | നിയമസഭാ സബ്ജക്റ്റ് കമ്മറ്റിയുടെ പഠന റിപ്പോർട്ടിലെ ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ഫാസ്റ്റ്ട്രാക്ക് കൗണ്ടറുകൾ ആരംഭിച്ചപ്പോൾ എത്ര മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | ഫാസ്റ്റ് ട്രാക്ക് കൗണ്ടറുകൾ ആരംഭിച്ചപ്പോൾ പുതിയതായി മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ